മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)

2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,

വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**

ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.19.05.2022

സർക്കുലർ

പ്രിയപ്പെട്ട ജില്ലാ റിസോഴ്സ് പേഴ്സൺ,

വിഷയം: വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനത്തിന് ആവശ്യമായ പരിശീലകരെ കണ്ടെത്തുന്നത് - സംബന്ധിച്ച്

സോഷ്യൽ ഓഡിറ്റ് യൂണിറ്റും അതിന്റെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് സൊസൈറ്റി ഗവേർണിംഗ് ബോഡിയുടെ 2022 മെയ് 7-ാം തീയതി ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒഴിവുള്ള ബ്ലോക്ക് - വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അതത് ജില്ലയിൽ വച്ച് വി.ആർ.പി.മാർക്കും സംസ്ഥാന തലത്തിൽ ബി.ആർ.പിമാർക്കും പരിശീലനം സംഘടിപ്പിക്കുന്നതാണ്.

വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന മൊഡ്യൂൾ തയ്യാറാക്കി വരികയാണ്. അതത് ജില്ലയിൽ വച്ച് വി.ആർ.പി.മാരുടെ റസിഡൻഷ്യൽ പരിശീലനത്തിന് നേതൃത്വം നൽകുന്നതിനും ക്ലാസ്സുകൾ നയിക്കുന്നതിനും ശേഷിയുള്ള പരിശീലകരെ കണ്ടെത്തേണ്ടതുണ്ട്. താഴെപ്പറയുന്ന വിവിധ വിഷയമേഖലകളുമായി ബന്ധപ്പെട്ടവരെയാണ് പരിശീലകരായി കണ്ടെത്തേണ്ടത്.

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം.
- സോഷ്യൽ ഓഡിറ്റ് പ്രക്രിയയും വിവിധഘട്ട പ്രവർത്തനങ്ങളും.
- നിർമ്മാണ പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണ സംവിധാനം.

മുകളിൽ സൂചിപ്പിക്കപ്പെട്ട വിഷയമേഖളകളുമായി ബന്ധപ്പെട്ട ഫാക്കൽറ്റി അംഗങ്ങൾ നിലവിൽ സർവ്വീസിൽ ഉള്ളവരോ റിട്ടയർ ചെയ്തവരോ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരായി സേവനമനുഷ്ഠിക്കുന്നവരോ ആകാവുന്നതാണ്. പരിശീലകരായി കണ്ടെത്തുന്നവരുടെ പദവി/തസ്തിക അല്ല ഫാക്കൽടി തെരഞ്ഞെടുപ്പിനുള്ള മനാദണ്ഡം എന്ന് പ്രത്യേകം സൂചിപ്പിക്കുന്നു. പരിശീലനത്തിന് നേതൃത്വം നൽകുന്നതിനുള്ള കാര്യപ്രാപ്തിയും സന്നദ്ധതയും വിഷയത്തിലെ വൈദഗ്ദ്ധ്യവുമാണ് അടിസ്ഥാന മാനദണ്ഡം. മുകളിൽ സൂചിപ്പിക്കപ്പെട്ട് ഓരോ വിഷയമേഖലയുമായും ബന്ധപ്പെട്ട് പ്രയോജനപ്പെടുത്താൻ കഴിയുന്ന **പരിശീലകരുടെ പേരും, മേൽവിലാസവും, ഫോൺനമ്പരും, ഇ-മെയിൽ വിലാസവും ശേഖരിച്ച് ഒരാഴ്ചയ്ക്കകം** സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം തന്നെ ഓരോ ജില്ലയിലും 40-50 പേർക്ക് താമസിച്ച് പരിശീലനം നൽകുന്നതിന് സൗകര്യപ്രദമായ താമസസൗകര്യം, ഭക്ഷണം, പരിശീലന ഹാൾ എന്നീ സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ കണ്ടെത്തി അവയുടെ പേരും കോൺടാക്റ്റ് നമ്പരും ശേഖരിച്ച് ഒരാഴ്ചയ്ക്കകം എത്തിക്കേണ്ടതാണെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ.രമാകാന്തൻ

ഡയറക്ടർ

കോപ്പി: 1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺ(ഇൻചാർജ്ജ്) മാർക്കും